**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1932** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ എത്രപേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 18.01.2021-ലെ കണക്ക് പ്രകാരം കോതമംഗലം താലൂക്കിൽ നിന്നും 1406 പേർ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. |
| (ബി) | അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | 2008 ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകളനുസരിച്ച്, പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ളതും പെൻഷൻ ആകുന്ന കാലയളവ് വരെ മുടക്കം വരുത്താതെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്. |
| (സി) | നിലവിൽ അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ ചേരുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | 2008 ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെയും, 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് പ്രവാസി ക്ഷേമ നിധി അംഗത്വത്തിനുള്ള പ്രായ പരിധി 60 വയസ്സാണ്. ആയതിനാൽ 60 വയസ്സ് കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമ നിധി അംഗത്വം അനുവദിക്കുന്നില്ല. |
| (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലം ഉൾപ്പെടെയുള്ള കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ഒറ്റത്തവണ തുക അടച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ